ശ്രീ. എൻ. രാഘവക്കുറുപ്പ് : സസ്പെൻഡ് ചെയ്തിട്ടുള്ള ആളുകളുടെ പേരിൽ മൂന്നു വർഷമായി നടപടി നടക്കുകയോ, സസ്പെൻഷൻ ക്യാൻസൽ ചെയ്യുകയോ ചെയ്തിട്ടില്ലെന്നറിയാമോ ?

ശ്രീ. എ. ജെ. ജാൻ : ആരേയും സസ്പെൻഡ് ചെയ്തിട്ടില്ല. ഏതാനും പേരെ മൂന്നു വർഷമായി കാണാനില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ് : അവരെ സസ്പെൻഷനിൽ നിർത്തിയിരിക്കുകയായിരുന്നുവെന്നും ഇതുവരെ അവരുടെ പേരിൽ യാതൊരു നടപടിയും നടത്തിയിട്ടില്ലെന്നും ഞാൻ പറഞ്ഞാൽ വിശ്വസിക്കുമോ ?

ശ്രീ. എ. ജെ. ജാൻ : നേരത്തെ പറഞ്ഞല്ലോ അതിനെപ്പറ്റി അന്വേഷിക്കാമെന്ന്.

ശ്രീ. ടി വി. തോമസ് : 425 പേർ ഒപ്പിട്ട ഒരു ഹർജ്ജി തന്നിട്ടുണ്ട് എന്നു പറഞ്ഞു. അതിൽ പലരേയും ഇപ്പോഴും വെളിയിൽ നിർത്തിയിരിക്കുകയാണെന്ന് അറിയാമോ ?

ശ്രീ. എ. ജെ. ജാൻ : അറിഞ്ഞു കൂടാ

ശ്രീ. ടി. വി. തോമസ് : അപ്പോൾ പിരിച്ചുവിട്ടവരെ കാണാഞ്ഞിട്ടാണ് അവരോട് എക്സ്പ്ലനേഷൻ ചോദിക്കാത്തത് എന്നു പറഞ്ഞല്ലോ. ഇപ്പോൾ കണ്ടുകിട്ടിയ നിലയ്ക്ക് അവരോട് എക്സ്പ്ലനേഷൻ ചോദിക്കുന്നതിൽ എന്താണ് വിരോധം ?

ശ്രീ. എ. ജെ. ജാൻ : അവരോട് എക്സ്പ്ലനേഷൻ ചോദിക്കേണ്ട കാര്യമില്ല. തൊഴിലാളികളെ പ്രവേശിപ്പിക്കണമെന്ന് ആവശ്യപ്പെട്ടതനുസരിച്ച് അതിനു തയ്യാറായവരെ ജോലിയിൽ പ്രവേശിപ്പിക്കേണ്ട ആവശ്യമേ കമ്പനിക്കാക്കുണ്ടായിരുന്നുള്ളൂ.

ശ്രീ. ടി. വി. തോമസ് : കാരണം കൂടാതെ ഇവരെ തൊഴിലാളികളെ പിരിച്ചുവിട്ട എന്നല്ലേ പരാതി ?

ശ്രീ. എ. ജെ. ജാൻ : പരാതി എന്താണെന്ന് എനിക്ക് ശരിയായിട്ട് അറിഞ്ഞുകൂടാ.

എറണാകുളം ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ.

* 24. [26] ശ്രീ. എൻ. രാഘവക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ നിർത്തലാക്കിയതു് എന്നു് ;

(ബി) അതു നിർത്തലാക്കുന്ന കാലത്തു് എത്ര കേസുകൾ ആ കോടതിയിൽ നിലവിലുണ്ടായിരുന്നു ;

(സി) എറണാകുളം ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ നിർത്തലാക്കുന്ന കാലത്തു് ആ കോടതിയിലുണ്ടായിരുന്ന എത്ര കേസുകൾ തിരുവനന്തപുരം ഇൻഡസ്ട്രിയൽ ട്രിബ്യൂണലിലേയ്ക്കു് ഗവണ്മെന്റിൽ നിന്നും റഫർ ചെയ്തു ; എത്ര കേസുകൾ മേൽപ്രകാരം തിരുവനന്തപുരം ട്രിബ്യൂണലിലേയ്ക്കു് റഫർ ചെയ്തിട്ടില്ല ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മേൽപ്രകാരം കുറെ കേസുകൾ തിരുവനന്തപുരത്തെ കോടതിയിലേയ്ക്ക് റഫർ ചെയ്തിരുന്നതു് എന്തുകൊണ്ടു്;

(ഇ) തിരുവനന്തപുരം ട്രിബ്യൂണലിലേയ്ക്ക് റഫർ ചെയ്യാതെ കിടക്കുന്ന കേസുകൾ ഉടൻതന്നെ ഗവണ്മെൻറിൽനിന്നും റഫർ ചെയ്യണമെന്ന എന്തെങ്കിലും നിവേദനം ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു്; അതിന്മേൽ എന്തു നടപടി നടത്തി?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) 1-10-54-ൽ നിന്നിലാക്കി.

(ബി) 45 കേസുകൾ.

(സി) ഈ 45 കേസുകളും തിരുവനന്തപുരം ഇൻഡസ്ട്രിയൽ ട്രിബ്യൂണലിലേയ്ക്ക് റഫർ ചെയ്തിരിക്കുകയാണു്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) അങ്ങനെ പരാതി ഉണ്ടായതായി അറിവില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ്: 1953-ലെ 62, 63 എന്നീ കേസുകൾ തിരുവനന്തപുരം ട്രിബ്യൂണലിലേയ്ക്ക് റഫർ ചെയ്യില്ലെന്നറിയാമോ?

ശ്രീ. എ. ജെ. ജാൺ: ആകെ 45 കേസുകളേ ഉള്ളൂ എന്നും ആ 45 കേസുകളും റഫർ ചെയ്തിട്ടുണ്ടെന്നുമാണു് റിപ്പോർട്ടു്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഞാൻ ഗവണ്മെൻറിന്റെ മുമ്പാകെ ചൂണ്ടിക്കാണിക്കപ്പെട്ട ചില കേസുകൾ റഫർ ചെയ്തിട്ടില്ലെന്നും ആ കാരണത്താൽ ആ കേസുകൾ വിസ്തരിക്കുന്നതിനോ, എന്തെങ്കിലും നടപടികൾ നടത്തുന്നതിനോ തിരുവനന്തപുരം ട്രിബ്യൂണലിനു അധികാരമില്ലെന്നും പറഞ്ഞു ആ കേസുകൾ തള്ളിയതായി ഗവണ്മെൻറിനു പരാതി ലഭിച്ചിട്ടുണ്ടോ?

ശ്രീ എ. ജെ. ജാൺ: അന്വേഷിച്ചു പറയാം.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഗസറ്റിൽ പബ്ലിഷ് ചെയ്ത ജഡ്ജ്മെൻറിന്റെ പകർപ്പോടുകൂടി ഈ വിവരം ഗവണ്മെൻറിലേയ്ക്കു സമർപ്പിച്ചപ്പോൾ അതിനെപ്പറ്റി വേണ്ടതു ചെയ്യാമെന്നു പറഞ്ഞതല്ലാതെ യാതൊരു നടപടിയും നടത്തിയിട്ടില്ലെന്നറിയാമോ?

ശ്രീ. എ. ജെ ജാൺ: തീരാതെ കിടക്കുന്ന എല്ലാ കേസുകളും തിരുവനന്തപുരം ട്രിബ്യൂണലിലേയ്ക്ക് റഫർ ചെയ്തിട്ടുണ്ടെന്നാണു് ഗവണ്മെൻറിനു ലഭിച്ച റിപ്പോർട്ടിൽ നിന്നും കാണുന്നതു്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: അതു ശരിയല്ലെന്നു കണ്ടാൽ കള്ള റിപ്പോർട്ടയച്ച ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി നടത്താൻ തയാറാകുമോ?

ശ്രീ. എ. ജെ. ജാൺ: ഒരു നടപടി നടത്തേണ്ടയാവശ്യമുണ്ടെന്നു ഇപ്പോൾ തോന്നുന്നില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഇങ്ങനെ ദിവസംതോറും കള്ള റിപ്പോർട്ടുകൾ അയയ്ക്കുന്ന ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി നടത്തുമോ?

ശ്രീ. എ. ജെ. ജാൺ: കള്ളറിപ്പോർട്ടുകളാണെങ്കിൽ അതിനെപ്പറ്റി അന്വേഷിക്കാം.

LIBRARY ARCHIVES Kerala Legislative Assembly